Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**22th December 2017**

## ഡെപ്യൂട്ടേഷന് അപേക്ഷിക്കാം

തിരുവനന്തപുരം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റിന്റെ മൂന്ന് ഒഴിവുകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ നിയമനം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. ഗവൺമെന്റ് സെക്രട്ടറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ ജോലി നോക്കുന്നവരും കംപ്യൂട്ടർ സയൻസിൽ ബിരുദം/ ബിരുദാനന്തര ബിരുദം, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവയിൽ ഏതെങ്കിലും യോഗ്യത ഉള്ളവർക്ക് ഉചിത മാർഗേണ അപേക്ഷിക്കാം. അപേക്ഷകൾ 27/01/2018-ന് മുമ്പ് സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ. എം. എസ് ജംഗ്ഷൻ, പാളയം, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

(ഒപ്പ്)
സെക്രട്ടറി
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

*(എസ്.ഇ.സി.70/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

20th December 2017

## 8750 പേരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യരാക്കി

കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2015 നവംബറിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ മത്സരിച്ച 8750 പേരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. തെരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതായും തെരഞ്ഞെടുപ്പിന് പരിധിയിൽ കൂടുതൽ തുക ചെലവഴിച്ചതായും കമ്മീഷൻ കണ്ടെത്തിയവരെയുമാണ് അയോഗ്യരാക്കിയത്. കേരള പഞ്ചായത്ത് രാജ് ആക്ട്- വകുപ്പ് 33, കേരള മുനിസിപ്പാലിറ്റി ആക്ട്- വകുപ്പ് 89 എന്നിവ പ്രകാരം ഇന്നു മുതൽ (2017 ഡിസംബർ 20) അഞ്ചു വർഷത്തേക്കാണ് അയോഗ്യത. ഇതിലൂടെ ഉണ്ടാകുന്ന നിലവിലെ അംഗങ്ങളുടെ ഒഴിവ് കമ്മീഷനെ അറിയിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടു്. അയോഗ്യരായവർക്ക് തദ്ദേശ സ്ഥാപനങ്ങളിലേക്ക് ഇനി നടക്കുന്ന ഉപതെരഞ്ഞെടുപ്പുകളിലോ 2020 ൽ നടക്കുന്ന പൊതു തെരഞ്ഞെടുപ്പിലോ 2022 വരെ നടക്കാവുന്ന ഉപതെരഞ്ഞെടുപ്പുകളിലോ ഇനി മത്സരിക്കാൻ സാധിക്കില്ല.

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളായി മത്സരിക്കുമ്പോൾ ഗ്രാമ പഞ്ചായത്തിൽ പരമാവധി 10000 രൂപയും ബ്ലോക്ക് പഞ്ചായത്തിൽ 30000 രൂപയും ജില്ലാപഞ്ചായത്തിൽ 60000 രൂപയുമാണ് ഒരാൾക്ക് തെരഞ്ഞെടുപ്പിന് ചെലവഴിക്കാവുന്ന തുക. അതുപോലെ മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും കാര്യത്തിലും ഒരു സ്ഥാനാർത്ഥിക്ക് യഥാക്രമം 30000 വും 60000 വും രൂപയാണ് പരമാവധി വിനിയോഗിക്കാൻ സാധിക്കുക.

രായിരത്തി പതിനഞ്ചിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികളിൽ ചെലവ് കണക്ക് നൽകിയവരുടെയും കണക്ക് നൽകാത്തവരുടെയും വിവരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ കമ്മീഷന് നൽകിയിരുന്നു. കമ്മീഷൻ പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുകയും കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ടുകൾക്ക് വിധേയമായി അവർക്ക് അയോഗ്യരാക്കാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് അയക്കുകയും ചെയ്തു. തുടർന്ന് നോട്ടീസ് കൈപ്പറ്റാത്തവർക്ക് പതിച്ചു നടത്തി. ചെലവ് കണക്ക് യഥാസമയം നൽകാത്തതിന് മതിയായ കാരണങ്ങൾ ബോധിപ്പിച്ചുകൊ് കണക്ക് സമർപ്പിച്ചവർക്കെതിരെയുള്ള നടപടികൾ കമ്മീഷൻ ഇതിനകം അവസാനിപ്പിച്ചിട്ടുമു്. മൊത്തം 1572 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉള്ളതിൽ 372 സ്ഥാപനങ്ങളിൽ മത്സരിച്ചവരാണ് പൂർണമായി ചെലവ് കണക്ക് സമർപ്പിച്ച് അയോഗ്യതയിൽനിന്നും ഒഴിവായിട്ടുള്ളത്. ബാക്കിയുള്ള 1200 സ്ഥാപനങ്ങളിലായി 8750 പേർക്കാണ് അയോഗ്യത.

കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയിട്ടും ചെലവ് കണക്ക് നൽകുന്നതിൽ വീഴ്ച വരുത്തുകയും, വീഴ്ചയ്ക്ക് മതിയായ കാരണമോ ന്യായീകരണമോ ബോധിപ്പിക്കാതിരിക്കുകയും, തിരഞ്ഞെടുപ്പിന് നിർണ്ണയിക്കപ്പെട്ട പരിധിയിൽ കൂടുതൽ തുക ചെലവാക്കുകയും

ചെയ്ത ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിൽ നിന്നും മത്സരിച്ച, 7178 പേരെയും മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും മത്സരിച്ച 1572 പേരെയുമാണ് കമ്മീഷൻ അയോഗ്യരാക്കിയത്. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ പേർ (1031) അയോഗ്യരായത്. ഏറ്റവും കുറവ് വയനാട്(161) ഏറ്റവും കൂടുതൽ തദ്ദേശ സ്ഥാപനങ്ങൾ ഉള്ള മലപ്പുറം(122) ജില്ലയിൽ 972 പേരെയും അയോഗ്യരാക്കിയിട്ടു്.

ആകെയുള്ള 941 ഗ്രാമ പഞ്ചായത്തുകളിൽ ചെലവ് കണക്ക് നൽകാത്തതോ, അധിക തുക ചെലവഴിച്ചതോ ആയ 882 ഗ്രാമ പഞ്ചായത്തുകളിലെ 6559 പേരെയും 145 ബ്ലോക്ക് പഞ്ചായത്തുകളിലെ 557 പേരെയും 14 ജില്ലാ പഞ്ചായത്തുകളിലെ 62 പേരെയും അയോഗ്യരാക്കിയിട്ടു്. അതുപോലെ 84 മുനിസിപ്പാലിറ്റികളിലായി 1188 പേരും 6 കോർപ്പറേഷനുകളിലായി 384 പേരുമാണ് അയോഗ്യരായിട്ടുള്ളത്.

അയോഗ്യരായവരുടെ എണ്ണം- ജില്ല തിരിച്ച്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്ന ക്രമത്തിൽ. തിരുവനന്ത പുരം-689, 44, 8, 77, 127. കൊല്ലം- 668, 46, 4, 44, 37. പത്തനംതിട്ട-307, 16, 1, 64. ആലപ്പുഴ-532, 46, 2, 100. കോട്ടയം- 596, 29, 3, 87. ഇടുക്കി-377, 31, 3, 36. എറണാകുളം-713, 71, 4, 162, 81. തൃശൂർ -432, 46, 4, 115, 37. പാലക്കാട്-531, 56, 3, 73. മലപ്പുറം-689, 75, 13,195. കോഴിക്കോട്- 527, 57 ,9, 134, 79. വയനാട്-125, 10, 1, 25. കണ്ണൂർ-261, 18, 1, 44, 23. കാസർഗോഡ്-121, 12, 6, 32. അയോഗ്യരായവരുടെ കൂടുതൽ വിവരങ്ങൾ കമ്മീഷന്റെ വെബ്സൈറ്റിൽ (www.sec.kerala.gov.in) ലഭ്യമാണ്.

*(എസ്.ഇ.സി.69 /2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127
www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th December 2017

## 15 തദ്ദേശ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് വിജ്ഞാപനമായി

എട്ട് ജില്ലകളിലെ 15 തദ്ദേശ സ്വയംഭരണ വാർഡുകളിൽ 2018 ജനുവരി 11ന് ഉപതെരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. തിരുവനന്തപുരം കൊല്ലം കോട്ടയം ഇടുക്കി പാലക്കാട് മലപ്പുറം ജില്ലകളിലെ 12 ഗ്രാമപഞ്ചായത്ത് വാർഡുകളിലും എറണാകുളം ഏലൂർ നഗരസഭയിലെ പാറയ്ക്കൽ വാർഡിലും മലപ്പുറം പൊന്നാനി നഗരസഭയിലെ അഴീക്കൽ വാർഡിലും കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ബേഡകം വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റച്ചട്ടം ഡിസംബർ 13ന് നിലവിൽ വന്നു. ഇന്നു മുതൽ (ഡിസംബർ 16) നാമനിർദ്ദേശം സമർപ്പിക്കാം. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഡിസംബർ 23. സൂക്ഷ്മ പരിശോധന 26ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 28. വോട്ടെടുപ്പ് ജനുവരി 11 രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. 12ന് രാവിലെ 10 മണിക്കാകും വോട്ടെണ്ണൽ ആരംഭിക്കുക.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- ആര്യങ്കോട്- മൈലച്ചൽ, നഗരൂർ- നഗരൂർ, കൊല്ലം- പടിഞ്ഞാറേ കല്ലട- വിളന്തറ, നെടുവത്തൂർ- തെക്കുംപുറം, കൊറ്റങ്കര- മാമ്പുഴ, കോട്ടയം- വാകത്താനം- മരങ്ങാട്, ഇടുക്കി- കൊന്നത്തടി- മുനിയറ സൗത്ത്, പാലക്കാട്- കടമ്പഴിപ്പുറം- കോണിക്കഴി, വടക്കൻഞ്ചേരി- മിച്ചാരംകോട്, മലപ്പുറം- പോത്തുകല്ല്- ഞെട്ടികുളം, തിരുവാലി- എ.കെ.ജി നഗർ, എടയൂർ- തിണ്ടലം

എറണാകുളം- ഏലൂർ നഗരസഭയിലെ പാറയ്ക്കൽ, മലപ്പുറം പൊന്നാനി നഗരസഭയിലെ അഴീക്കൽ, കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ബേഡകം.

*(എസ്.ഇ.സി.68 /2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

13th December 2017

## 15 തദ്ദേശ വാർഡുകളിൽ ജനുവരി 11ന് ഉപതെരഞ്ഞെടുപ്പ്

എട്ട് ജില്ലകളിലെ 15 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ജനുവരി 11ന് ഉപതെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. തിരുവനന്തപുരം കൊല്ലം കോട്ടയം ഇടുക്കി പാലക്കാട് മലപ്പുറം ജില്ലകളിലെ 12 ഗ്രാമപഞ്ചായത്ത് വാർഡുകളിലും എറണാകുളം ഏലൂർ നഗരസഭയിലെ പാറയ്ക്കൽ വാർഡിലും മലപ്പുറം പൊന്നാനി നഗരസഭയിലെ അഴീക്കൽ വാർഡിലും കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ബേഡകം വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റച്ചട്ടം ഇന്ന് (2017 ഡിസംബർ 13) നിലവിൽ വന്നു. 16 മുതൽ നാമനിർദ്ദേശം സ്വീകരിക്കും. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഡിസംബർ 23. സൂക്ഷ്മ പരിശോധന 26ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 28. വോട്ടെടുപ്പ് ജനുവരി 11 രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. 12ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം - ആര്യങ്കോട്- മൈലച്ചൽ, നഗരൂർ-നഗരൂർ, കൊല്ലം-പടിഞ്ഞാറേ കല്ലട- വിളന്തറ, നെടുവത്തൂർ- തെക്കുംപുറം, കൊറ്റങ്കര-മാമ്പുഴ, കോട്ടയം- വാകത്താനം- മരങ്ങാട്, ഇടുക്കി- കൊന്നത്തടി- മുനിയറ സൗത്ത്, പാലക്കാട്- കടമ്പഴിപ്പുറം- കോണിക്കഴി, വടക്കൻഞ്ചേരി- മിച്ചാരംകോട്, മലപ്പുറം- പോത്തുകല്ല്- ഞെട്ടികുളം, തിരുവാലി- എ.കെ.ജി നഗർ, എടയൂർ- തിണ്ടലം

എറണാകുളം- ഏലൂർ നഗരസഭയിലെ പാറയ്ക്കൽ, മലപ്പുറം പൊന്നാനി നഗരസഭയിലെ അഴീക്കൽ, കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ബേഡകം.

*(എസ്.ഇ.സി.67 /2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

13th December 2017

## 15 തദ്ദേശ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പ്
## വോട്ടർപട്ടികയിൽ ഇന്നു കൂടി പേരു ചേർക്കാം

എട്ട് ജില്ലകളിലെ 15 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർ പട്ടികയിലുള്ള ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും പേര് ഉൾപ്പെടുത്തുന്നതിനും ഇന്ന് (13.12.17) കൂടെ അവസരമുണ്ടായിരിക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലെ 12 ഗ്രാമപഞ്ചായത്ത് വാർഡുകളിലും എറണാകുളം ജില്ലയിലെ ഏലൂർ നഗരസഭയിലെ പാറയ്ക്കൽ വാർഡിലും, മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിലെ അഴീക്കൽ വാർഡിലും, കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ബേഡകം വാർഡിലുമുള്ള വോട്ടർ പട്ടികയിലാണ് പേരുചേർക്കാൻ അവസരമുള്ളത്.

അപേക്ഷകൾ 13ന് ഓൺ ലൈനായി (www.lsgelection.kerala.gov.in) സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന് (ഫാറം4) ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് (ഫാറം6) സ്ഥാന മാറ്റത്തിന് ഫാറം7 മാണ് ഉപയോഗിക്കേണ്ടത്. പേര് ഒഴിവാക്കുന്നതിന് (ഫാറം 5, ഫാറം 8) നേരിട്ട് അപേക്ഷിക്കേണ്ടതാണ്. വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2017 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. അവകാശവാദങ്ങളിന്മേൽ തീർപ്പുകൽപ്പിച്ച് ഡിസംബർ 21ന് അപ്ഡേഷൻ പൂർത്തിയാക്കി 22ന് അന്തിമപട്ടികയുടെ സപ്ലിമെന്ററിയായി മാറ്റങ്ങൾ പ്രസിദ്ധീകരിക്കാനും കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത് , വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം-ആര്യങ്കോട്- മൈലച്ചൽ, നഗരൂർ-നഗരൂർ, കൊല്ലം-പടിഞ്ഞാറേ കല്ലട-വിളന്തറ, നെടുവത്തൂർ- തെക്കുംപുറം, കൊറ്റങ്കര-മാമ്പുഴ, കോട്ടയം- വാകത്താനം-മരങ്ങാട്, ഇടുക്കി- കൊന്നത്തടി- മുനിയറ സൗത്ത്, പാലക്കാട്- കടമ്പഴിപ്പുറം- കോണിക്കഴി, വടക്കൻഞ്ചേരി- മിച്ചാരംകോട്, മലപ്പുറം- പോത്തുകല്ല്- ഞെട്ടികുളം, തിരുവാലി- എ.കെ.ജി നഗർ, എടയൂർ- തിണ്ടലം.

എറണാകുളം ജില്ലയിലെ ഏലൂർ നഗരസഭയിലെ പാറയ്ക്കൽ വാർഡിലും, മലപ്പുറം പൊന്നാനി നഗരസഭയിലെ അഴീക്കൽ, കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്(ബേഡകം വാർഡ്) ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ 7, 8, 9, 10, 11, 12 വാർഡുകൾ, മൂളിയാർ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡ്

*(എസ്.ഇ.സി.66 /2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

20th November 2017

## അഴീക്കൽ വാർഡിലെ വോട്ടർപട്ടിക റദ്ദാക്കി

പൊന്നാനി നഗരസഭയിലെ അഴീക്കൽ വാർഡിൽ ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടിക സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ റദ്ദാക്കി. വോട്ടർ രജിസ്ട്രേഷൻ ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിക്കാതെ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറായ പൊന്നാനി നഗരസഭാ സെക്രട്ടറി പട്ടികയിൽ സമ്മതിദായകരുടെ പേര് ഉൾപ്പെടുത്തുകയും ഒഴിവാക്കുകയും ചെയ്ത സാഹചര്യത്തിലാണ് കമ്മീഷൻ നടപടി സ്വീകരിച്ചത്.

കരട് വോട്ടർപട്ടികയിന്മേൽ ആക്ഷേപങ്ങളും അവകാശങ്ങളും സമർപ്പിച്ചവർക്കും ആക്ഷേപം ഉന്നയിക്കപ്പെട്ടവർക്കും വീണ്ടും നോട്ടീസ് നൽകിയും ആവശ്യമായ അന്വേഷണം നടത്തിയും വാദം കേട്ടും പുതുക്കിയ അന്തിമ വോട്ടർ പട്ടിക 2017 ഡിസംബർ 12ന് പ്രസിദ്ധീകരിക്കാൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർക്ക് കമ്മീഷൻ നിർദ്ദേശം നൽകി. വോട്ടർ പട്ടിക പുതുക്കുന്നത് സംബന്ധിച്ച് മേൽ മേൽനോട്ടം വഹിക്കുന്നതിനും നടപടി റിപ്പോർട്ടു ചെയ്യുന്നതിനുമായി മലപ്പുറം ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതായും കമ്മീഷണർ അറിയിച്ചു.

*(എസ്.ഇ.സി. 65/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th October 2017

## മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ മൂന്ന് അംഗങ്ങളെ അയോഗ്യരാക്കി.

പത്തനംതിട്ട: മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് വാർഡ് മൂന്നിൽ ജനതാദൾ (യു)ൽ നിന്നും വിജയിച്ച മനോജ് മാധവശ്ശേരിൽ, വാർഡ് നാലിൽ കേരള കോൺഗ്രസ് (എം)ൽ നിന്നും വിജയിച്ച രമ ഭാസ്കർ, വാർഡ് ഒമ്പതിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ നിന്നും വിജയിച്ച പി.എ.നാരായണൻ എന്നിവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം, നിലവിൽ അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിനും 2017 ഒക്ടോബർ 13 മുതൽ ആറു വർഷത്തേക്കാണ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയത്.

രണ്ടായിരത്തി പതിനഞ്ചിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതു തെരഞ്ഞടുപ്പിൽ മനോജ് മാധവശ്ശേരിൽ, രമ ഭാസ്കർ, പി.എ.നാരായണൻ എന്നിവർ യു.ഡി.എഫിൽ നിന്ന് വിജയിക്കുകയും നവംബർ 19ന് നടന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ തെരഞ്ഞെടുപ്പുകളിൽ പാർട്ടി വിപ്പ് ലംഘിച്ചുകൊണ്ട് എൽ.ഡി.എഫിന് അനുകൂലമായി നിവപാട് സ്വീകരിക്കുകയും ചെയ്തിരുന്നു.

പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മനോജ് മാധവശ്ശേരിൽ എൽ.ഡി.എഫുമായി സഹകരിക്കുകയും പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ച് വിജയിക്കുകയും ചെയ്തു. കേരള കോൺഗ്രസ്(എം) അംഗം രമ ഭാസ്കർ മനോജ് മാധവശ്ശേരിലിനെ അനുകൂലിക്കുകയും ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗം പി.എ.നാരായണൻ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തു. ഈ നടപടികൾക്കെതിരേ വാർഡ് പന്ത്രണ്ടിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗം സദാശിവൻ നായർ സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഇവർക്കെതിരേ നടപടി എടുത്തത്. 13 വാർഡുകളുള്ള മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ, യു.ഡി.എഫിന് 5 എൽ.ഡി.എഫ് 4 ബി.ജെ.പി 3 സ്വതന്ത്രൻ 1 എന്നിങ്ങനെയാണ് അംഗബലം.

*(എസ്.ഇ.സി. 64/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

8th October 2017

## ഏഴ് ജില്ലകളിലെ 14 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു.

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി ഏഴ് ജില്ലകളിലെ 14 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി. തിരുവനന്തപുരം കൊല്ലം കോട്ടയം ഇടുക്കി പാലക്കാട് മലപ്പുറം ജില്ലകളിലെ 12 ഗ്രാമപഞ്ചായത്ത് വാർഡുകളിലും മലപ്പുറം പൊന്നാനി നഗരസഭയിലെ അഴീക്കൽ വാർഡിലും കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ബേഡകം വാർഡിലുമാണ് വോട്ടർ പട്ടിക പുതുക്കുന്നത്.

അപേക്ഷകൾ ഒക്ടോബർ 9 മുതൽ 23 വരെ ഓൺലൈനായി (www.lsgelection.kerala.gov.in) സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന് (ഫാറം4) ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് (ഫാറം6) സ്ഥാനമാറ്റത്തിന് (ഫാറം7)നും ഉപയോഗിച്ച് ഓൺലൈനായും, പേര് ഒഴിവാക്കുന്നതന്(ഫാറം5) നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ ആണ് അപേക്ഷ നൽകേണ്ടത്. അവകാശവാദങ്ങളിന്മേൽ നവംബർ 4ന് തീർപ്പ് കൽപ്പിച്ച് 8ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2017 ജനുവരി ഒന്നിനോ അതിനു മുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട പഞ്ചായത്ത് നഗരസഭ താലൂക്ക് ഓഫീസുകളിലും പഞ്ചായത്തുകളുടേത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും, വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത് , വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- ആര്യങ്കോട്- മൈലച്ചൽ, നഗരൂർ, കൊല്ലം-പടിഞ്ഞാറേ കല്ലട- വിളന്തറ, നെടുവത്തൂർ- തെക്കുംപുറം, കൊറ്റങ്കര-മാമ്പുഴ, കോട്ടയം- വാകത്താനം- മരങ്ങാട്, ഇടുക്കി- കൊന്നത്തടി- മുനിയറ സൗത്ത്, പാലക്കാട്- കടമ്പഴിപ്പുറം- കോണിക്കഴി, വടക്കൻഞ്ചേരി- മിച്ചാരംകോട്, മലപ്പുറം- പോത്തുകല്ല്- ഞെട്ടികുളം, തിരുവാലി- എ.കെ.ജി നഗർ, എടയൂർ- തിണ്ടലം

മലപ്പുറം പൊന്നാനി നഗരസഭയിലെ അഴീക്കൽ, കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്(ബേഡകം വാർഡ്) ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ 7, 8, 9, 10, 11, 12 വാർഡുകൾ, മൂളിയാർ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡ്

*(എസ്.ഇ.സി. 63/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

15th September 2017

## ഉപതെരഞ്ഞെടുപ്പ് എൽ.ഡി.എഫ് 6 യു.ഡി.എഫ് 6 സീറ്റുകൾ നേടി

വ്യാഴാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന പന്ത്രണ്ട് തദ്ദേശ സ്വയംഭരണ വാർഡുകളിൽ എൽ.ഡി.എഫും യു.ഡി. എഫും ആറു വീതം സിറ്റുകൾ നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

എൽ.ഡി. എഫ് വിജയിച്ച വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം, എന്ന ക്രമത്തിൽ. കൊല്ലം- ആദിച്ചനല്ലൂർ- തഴുത്തല തെക്ക്-ഹരിലാൽ-41, തേവലക്കര- കോയിവിള പടിഞ്ഞാറ്-പി.ഓമനക്കുട്ടൻ-139, കോട്ടയം-പാമ്പാടി-കാരിയ്ക്കാമറ്റം-മധുകുമാർ.കെ.എസ്-247, കാഞ്ഞിരപ്പള്ളി- മാനിടുംകുഴി-കുഞ്ഞുമോൾ ജോസ്-145, വയനാട്- കൽപ്പറ്റ നഗരസഭയിലെ മുണ്ടേരി-ബിന്ദു-92 ആലപ്പുഴ- ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വെണ്മണി വെസ്റ്റ്-ശ്യാം കുമാർ-1003

,

യൂ.ഡി.എഫ് വിജയിച്ചവ, മലപ്പുറം- പെരുവള്ളൂർ- കൊല്ലംചിന-ഖദീജ.കെ.റ്റി-469, കണ്ണൂർ- രാമന്തളി- രാമന്തളി സെൻട്രൽ-രാജേന്ദ്രകുമാർ.കെ.പി-23, കണ്ടല്ലൂർ- കൊപ്പാറേത്ത് എച്ച്.എസ്- തയ്യിൽ പ്രസന്നകുമാരി-235,കോഴിക്കോട്- തിക്കൊടി- പുറക്കാട്-രാഘവൻ-215,ആലപ്പുഴ-ചേർത്തല തെക്ക്- കളരിക്കൽ-മിനികുഞ്ഞപ്പൻ -177, മലപ്പുറം- തിരൂർ നഗരസഭയിലെ തുമരക്കാവ്-നെടിയിൽ മുസ്തഫ-2.

കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ മാനിടുംകുഴി, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വെണ്മണി വെസ്റ്റ് എന്നിവ യൂ.ഡി.എഫിൽ നിന്നും എൽ.ഡി. എഫ് പിടിച്ചെടുത്തപ്പോൾ ആലപ്പുഴ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ കൊപ്പാറേത്ത് എച്ച്.എസ് എൽ എൽ.ഡി.എഫിൽ നിന്നും യൂ.ഡി.എഫും പിടിച്ചെടുത്തു.

*(എസ്.ഇ.സി. 61/2017)*

## ഓഫീസ് അറ്റൻന്റ് ഒഴിവ് / ഡെപ്യൂട്ടേഷന് അപേക്ഷിക്കാം

തിരുവനന്തപുരത്തെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ ഓഫീസ് അറ്റൻന്റിന്റെ ഒരു ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. സെക്രട്ടറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ സമാന തസ്തികകളിൽ ജോലി നോക്കുന്നവർക്ക് ഉചിത മാർഗ്ഗേണ 20/10/2017 -നകം സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ് ജംഗ്ഷൻ, തിരുവനന്തപുരം - 695 033 എന്ന വിലാസത്തിൽ അപേക്ഷിക്കാം.

*(എസ്.ഇ.സി. 62/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

14th September 2017

## ഉപതെരഞ്ഞെടുപ്പിൽ 79.71 ശതമാനം പോളിംഗ്

വ്യാഴാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന പന്ത്രണ്ട് തദ്ദേശ സ്വയംഭരണ വാർഡുകളിൽ 79.71 ശതമാനം പേർ വോട്ടു രേഖപ്പെടുത്തിയതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. ഇന്ന് (സെപ്റ്റംബർ 15) രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

തെരഞ്ഞെടുപ്പു നടന്ന ജില്ല, ഗ്രാമ പഞ്ചായത്ത്, വാർഡ്, വോട്ടിംഗ് ശതമാനം എന്ന ക്രമത്തിൽ. കൊല്ലം- ആദിച്ചനല്ലൂർ- തഴുത്തല തെക്ക്- 76.3, തേവലക്കര- കോയിവിള പടിഞ്ഞാറ്- 82.89, ആലപ്പുഴ- ചേർത്തല തെക്ക്- കളരിക്കൽ- 86.56, കണ്ടല്ലൂർ- കൊപ്പാറേത്ത് എച്ച്.എസ്- 81.94, കോട്ടയം- പാമ്പാടി- കാരിയ്ക്കാമറ്റം- 77.32, കാഞ്ഞിരപ്പള്ളി- മാനിടുംകുഴി- 77.91, മലപ്പുറം- പെരുവള്ളൂർ- കൊല്ലംചിന- 72.26, കോഴിക്കോട്- തിക്കൊടി- പുറക്കാട-്80.39, കണ്ണൂർ- രാമന്തളി- രാമന്തളി സെൻട്രൽ- 87.39

ആലപ്പുഴ- ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വെണ്മണി വെസ്റ്റ്- 60.81, മലപ്പുറം- തിരൂർ നഗരസഭയിലെ തുമരക്കാവ്- 88.37, വയനാട്- കൽപ്പറ്റ നഗരസഭയിലെ മുണ്ടേരി- 84.37

*(എസ്.ഇ.സി. 59/2017)*

## ക്വട്ടേഷൻ ക്ഷണിക്കുന്നു

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന ബുള്ളറ്റിന്റെ സെപ്റ്റംബർ ലക്കം അച്ചടിക്കുന്നതിന് അച്ചടി ശാലകളുടെ ഉടമകളിൽനിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. എ4 വലിപ്പം 60 എൽ.ബി ആർട്ട് പേപ്പർ 8 പേജുകൾ മൾട്ടി കളർ 3000 കോപ്പി എന്ന രീതിയിൽ അച്ചടി പൂർത്തിയാക്കണം. ക്വട്ടേഷനുകൾ സെപ്റ്റംബർ 18 വൈകിട്ട് മൂന്നിന് മുമ്പ് സെക്രട്ടറി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പാളയം തിരുവനന്തപുരം - 695033 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

*(എസ്.ഇ.സി. 60/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

13th September 2017

## 12 തദ്ദേശ വാർഡുകളിൽ ഇന്ന് ഉപതെരഞ്ഞെടുപ്പ്

ഏഴ് ജില്ലകളിലെ 12 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഇന്ന് (സെപ്റ്റംബർ 14) നടക്കുന്ന ഉപതിരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. കൊല്ലം ആലപ്പുഴ കോട്ടയം മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ ജില്ലകളിലെ 9 ഗ്രാമപഞ്ചായത്ത് വാർഡുകളിലും മലപ്പുറം വയനാട് ജില്ലകളിലെ രണ്ട് നഗരസഭ വാർഡുകളിലും ആലപ്പുഴയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ്. വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. സെപ്റ്റംബർ 15 രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

വോട്ട് ചെയ്യുന്നതിന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തെരഞ്ഞെടുപ്പിനും ആറുമാസത്തിന് മുമ്പു നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാം.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. കൊല്ലം- ആദിച്ചനല്ലൂർ- തഴുത്തല തെക്ക്, തേവലക്കര- കോയിവിള പടിഞ്ഞാറ്, ആലപ്പുഴ- ചേർത്തല തെക്ക്- കളരിക്കൽ, കണ്ടല്ലൂർ- കൊപ്പാറേത്ത് എച്ച്.എസ്, കോട്ടയം-പാമ്പാടി- കാരിയ്ക്കാമറ്റം, കാഞ്ഞിരപ്പള്ളി- മാനിടുംകുഴി, മലപ്പുറം- പെരുവള്ളൂർ- കൊല്ലംചിന, കോഴിക്കോട്- തിക്കൊടി-പുറക്കാട്, കണ്ണൂർ- രാമന്തളി- രാമന്തളി സെൻട്രൽ.

ആലപ്പുഴ- ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വെണ്മണി വെസ്റ്റ്, മലപ്പുറം- തിരൂർ നഗരസഭയിലെ തുമരക്കാവ്, വയനാട്- കൽപ്പറ്റ നഗരസഭയിലെ മുണ്ടേരി.

തെരഞ്ഞെടുപ്പ് ജോലി നോക്കുന്ന ജീവനക്കാർക്ക് പോളിംഗിന്റെ തൊട്ടടുത്ത ദിവസം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അവധി അനുവദിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 58/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

18th August 2017

## 12 തദ്ദേശ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് വിജ്ഞാപനമായി

ഏഴ് ജില്ലകളിലെ 12 തദ്ദേശ സ്വയംഭരണ വാർഡുകളിൽ സെപ്റ്റംബർ 14ന് ഉപതെരഞ്ഞെടുപ്പ് നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. കൊല്ലം ആലപ്പുഴ കോട്ടയം മലപ്പുറം കോഴിക്കോട് കണ്ണൂർ ജില്ലകളിലെ 9 ഗ്രാമപഞ്ചായത്ത് വാർഡുകളിലും മലപ്പുറം വയനാട് ജില്ലകളിലെ രണ്ട് നഗരസഭ വാർഡുകളിലും ആലപ്പുഴയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡി ലുമാണ് ഉപതെരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റച്ചട്ടം ആഗസ്റ്റ് 16ന് നിലവിൽ വന്നു. ഇന്നു മുതൽ (ആഗസ്റ്റ് 18) നാമനിർദ്ദേശം സമർപ്പിക്കാം. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 25. സൂക്ഷ്മ പരിശോധന 26നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുളള അവസാന തീയതി 29മാണ്. വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. സെപ്റ്റംബർ 15 രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. കൊല്ലം- ആദിച്ചനല്ലൂർ- തഴുത്തല തെക്ക്, തേവലക്കര- കോയിവിള പടിഞ്ഞാറ്, ആലപ്പുഴ- ചേർത്തല തെക്ക്- കളരിക്കൽ, കണ്ടല്ലൂർ- കൊപ്പാറേത്ത് എച്ച്.എസ്, കോട്ടയം-പാമ്പാടി- കാരിയ്ക്കാമറ്റം, കാഞ്ഞിരപ്പള്ളി- മാനിടുംകുഴി, മലപ്പുറം- പെരുവള്ളൂർ- കൊല്ലംചിന, കോഴിക്കോട്- തിക്കൊടി-പുറക്കാട്, കണ്ണൂർ- രാമന്തളി- രാമന്തളി സെൻട്രൽ.

ആലപ്പുഴ- ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വെണ്മണി വെസ്റ്റ്, മലപ്പുറം- തിരൂർ നഗരസഭയിലെ തുമരക്കാവ്, വയനാട്- കൽപ്പറ്റ നഗരസഭയിലെ മുണ്ടേരി.

*(എസ്.ഇ.സി. 57/2017)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 16th August 2017 |

## 12 തദ്ദേശ വാർഡുകളിൽ സെപ്റ്റംബർ 14ന് ഉപതെരഞ്ഞെടുപ്പ്

ഏഴ് ജില്ലകളിലെ 12 തദ്ദേശ സ്വയംഭരണ വാർഡുകളിൽ സെപ്റ്റംബർ 14ന് ഉപതെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. കൊല്ലം ആലപ്പുഴ കോട്ടയം മലപ്പുറം കോഴിക്കോട് കണ്ണൂർ ജില്ലകളിലെ 9 ഗ്രാമപഞ്ചായത്ത് വാർഡുകളിലും മലപ്പുറം വയനാട് ജില്ലകളിലെ 2 നഗരസഭ വാർഡുകളിലും ആലപ്പുഴയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റച്ചട്ടം ഇന്ന് (ആഗസ്റ്റ് 16) നിലവിൽ വന്നു. 18 മുതൽ നാമനിർദ്ദേശം സ്വീകരിക്കും. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 25. സൂക്ഷ്മ പരിശോധന 26നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 29മാണ്. വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. സെപ്റ്റംബർ 15 രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. കൊല്ലം- ആദിച്ചനല്ലൂർ- തഴുത്തല തെക്ക്, തേവലക്കര- കോയിവിള പടിഞ്ഞാറ്, ആലപ്പുഴ- ചേർത്തല തെക്ക്- കളരിക്കൽ, കണ്ടല്ലൂർ- കൊപ്പാറേത്ത് എച്ച്.എസ്, കോട്ടയം-പാമ്പാടി- കാരിയ്ക്കാമറ്റം, കാഞ്ഞിരപ്പള്ളി- മാനിടുംകുഴി, മലപ്പുറം- പെരുവള്ളൂർ- കൊല്ലംചിന, കോഴിക്കോട്- തിക്കൊടി-പുറക്കാട്, കണ്ണൂർ- രാമന്തളി- രാമന്തളി സെൻട്രൽ.

ആലപ്പുഴ- ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വെണ്മണി വെസ്റ്റ്, മലപ്പുറം- തിരൂർ നഗരസഭയിലെ തുമരക്കാവ്, വയനാട്- കൽപ്പറ്റ നഗരസഭയിലെ മുണ്ടേരി എന്നിവ.

*(എസ്.ഇ.സി. 56/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

10th August 2017

## മട്ടന്നൂർ നഗരസഭ
## എൽ.ഡി.എഫ് 28 യു.ഡി.എഫ് 7 സീറ്റുകൾ നേടി

ചൊവ്വാഴ്ച പൊതു തെരഞ്ഞെടുപ്പ് നടന്ന മട്ടന്നൂർ നഗരസഭയിൽ എൽ.ഡി.എഫ് 28ഉം യു.ഡി.എഫ് 7ഉം സിറ്റുകൾ നേടിയ തായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അഞ്ചാം തവണയാണ് എൽ.ഡി.എഫ് ഭരണം നിലനിർത്തുന്നത്. 35 വാർഡുകളുള്ള നഗരസഭയിൽ എൽ.ഡി.എഫിന് 28 ഉം യു.ഡി.എഫിന് 7 ഉം സീറ്റുകളാണ് ലഭിച്ചത്. 2012ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ 34 വാർഡുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 20 സീറ്റ് എൽ.ഡി.എഫും 14 യൂ.ഡി.എഫും നേടിയിരുന്നു.

എൽ.ഡി.എഫ് വിജയിച്ച വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം, എന്ന ക്രമത്തിൽ.പൊറോറ - സി.വി.ശശീൻന്ദ്രൻ - 209, ഏളന്നൂർ - ബിന്ദു.പി - 113,കീച്ചേരി - ഷാഹിനാപി.വി - 248,ആണിക്കരി - കെ.മജീദ് - 189,കല്ലൂർ - സുജാത.എൻ.പി - 320,കളറോഡ് - പി.റീത്ത - 53,മുണ്ടയോട് - വി.എൻ.സത്യേന്ദ്രനാഥ് - 98,പെരുവയൽക്കരി - വി.കെ.സുഗതൻ - 190, കായലൂർ - എം.റോജ - 282, കോളാരി - വി.പി.ഇസ്മായിൽ - 70,പരിയാരം - എം.വി.ചന്ദ്രമതി - 388,അയ്യല്ലൂർ - ശ്രീജകുമാരി.കെ - 520,ഇടവേലിക്കൽ - വി.കെ.രത്നാകരൻ - 671, പഴശ്ശി - സജിത.സി - 113,ഉരുവച്ചാൽ - എം.മിനി - 528, കരേറ്റ - പ്രസീന.പി - 195, കുഴിക്കൽ - എം. ഷീബ - 285,പെരിഞ്ചേരി - എം.മനോജ്കുമാർ - 113,ദേവർകാട് - എ.കെ.സുരേഷ് കുമാർ - 255, കാര - കെ..ബാലകൃഷ്ണൻ - 310, നെല്ലൂന്നി - അനിതാവേണു - 476, ഇല്ലംഭാഗം - സി.കെ.രവീന്ദ്രൻ മാസ്റ്റർ - 105, മലക്കുതാഴെ - എം. ഗംഗാദരൻ - 537, എയർപോർട്ട് - പി.പുരുഷോത്തമൻ - 467,ഉത്തിയൂർ - ഷൈന ഭാസ്ക്കർ - 238, മരുതായി - രാജിനി.പി - 77, മേറ്റടി - ഒ.സജീവൻ - 42, നാലാങ്കേരി - വി.ഹുസൈൻ - 58.

യൂ.ഡി.എഫ് വിജയിച്ചവ, മണ്ണൂർ - കെ.സി.മിനി - 139, ബേരം - മുബീന.എം - 32, കയനി - സുബൈദ ടീച്ചർ - 70, മട്ടന്നൂർ - ജയചന്ദ്രൻ.കെ.വി. - 222, ടൗൺ - പി.വി.ധനലക്ഷമി - 86, പാലോട്ടുപള്ളി - നജ്മ ടീച്ചർ - 240, മിനിനഗർ - മുബീനഷാഹിദ് - 155. 7 സീറ്റുകളാണ് യൂ.ഡി.എഫിൽ നിന്നും എൽ.ഡി. എഫ് പിടിച്ചെടുത്തത്.

*(എസ്.ഇ.സി. 54/2017)*

## മട്ടന്നൂർ നഗരസഭ
## അംഗങ്ങളുടെ സത്യപ്രതിജ്ഞ സെപ്റ്റംബർ 11ന്

ചൊവ്വാഴ്ച പൊതു തെരഞ്ഞെടുപ്പ് നടന്ന മട്ടന്നൂർ നഗരസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ സെപ്റ്റംബർ 11 തിങ്കളാഴ്ച രാവിലെ 11 മണിയ്ക്ക് ആരംഭിക്കാൻ കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശം നൽകി. ഫലപ്രഖ്യാപനത്തിനു ശേഷം കൗൺസിലിന്റെ ആദ്യയോഗം വിളിച്ചുകൂട്ടുന്നതിന്, കൗൺസിലർമാരിൽ ഏറ്റവും പ്രായം കൂടിയ ആളെ വരണാധികാരി സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കണം. മറ്റ് കൗൺസിലർമാർ ആദ്യം സത്യപ്രതിജ്ഞ ചെയ്ത കൗൺസിലർ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ഒപ്പിടേണ്ടതാണ്..

സത്യപ്രതിജ്ഞാ ചടങ്ങ് കഴിഞ്ഞ് കൗൺസിലിന്റെ ആദ്യ യോഗം ആദ്യം പ്രതിജ്ഞ ചെയ്ത കൗൺസിലറുടെ അധ്യക്ഷതയിലാകും ചേരുക. യോഗത്തിൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയും സമയവും കാണിച്ച്, ആ യോഗത്തിൽ വച്ച് തന്നെ കൗൺസിലർമാർക്ക് അറിയിപ്പ് നൽകണമെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 55/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127
www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

9th August 2017

## കമ്മീഷൻ നന്ദി അറിയിച്ചു.

മട്ടന്നൂർ നഗരസഭ പൊതുതെരഞ്ഞെടുപ്പ് സുഗമമായും സമാധാനപരമായും നടത്തുന്നതിന് സഹകരിച്ച രാഷ്ട്രീയകക്ഷി പ്രതിനിധികൾക്കും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാ ഉദ്യോഗസ്ഥർക്കും സർവ്വോപരി മട്ടന്നൂർ നഗരസഭയിലെ വോട്ടർമാർക്കും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നന്ദി അറിയിച്ചു.

*(എസ്.ഇ.സി. 52/2017)*

## മട്ടന്നൂർ നഗരസഭ വോട്ടെണ്ണൽ ഇന്ന്

ചൊവ്വാഴ്ച പൊതു തെരഞ്ഞെടുപ്പ് നടന്ന മട്ടന്നൂർ നഗരസഭയിലെ 35 വാർഡുകളിലെയും വോട്ടെണ്ണൽ ഇന്ന് (ആഗസ്റ്റ് 10) രാവിലെ 10 മണിക്ക് ആരംഭിക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. തെരഞ്ഞെടുപ്പു സാധനങ്ങൾ വിതരണം ചെയ്ത മട്ടന്നൂർ ഹയർസെക്കണ്ടറി സ്കൂളാണ് വോട്ടെണ്ണൽ കേന്ദ്രവും. കൗണ്ടിംഗിന് 6 ടേബിളുകളാണ് ക്രമീകരിച്ചിട്ടുള്ളത്. വരണാധികാരികളുടെ ടേബിളിൽ പോസ്റ്റൽ വോട്ടുകളാണ് ആദ്യം എണ്ണുക. രാവിലെ 10.30 ഓടെ ആദ്യ ഫലങ്ങൾ ലഭ്യമാകും.

*(എസ്.ഇ.സി. 53/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

8th August 2017

## മട്ടന്നൂർ നഗരസഭ തരഞ്ഞെടുപ്പ് 83 ശതമാനം പോളിംഗ്

ചൊവ്വാഴ്ച പൊതു തെരഞ്ഞെടുപ്പ് നടന്ന മട്ടന്നൂർ നഗരസഭയിൽ 83 ശതമാനം പേർ വോട്ടു രേഖപ്പെടുത്തിയതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. നഗരസഭയിൽ മൊത്തം 36330 വോട്ടർമാരുള്ളതിൽ 30122 പേരാണ് വോട്ടവകാശം വിനിയോഗിച്ചത്. ആഗസ്റ്റ് പത്തിന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

തെരഞ്ഞെടുപ്പു നടന്ന നഗരസഭ വാർഡ്, വോട്ടിംഗ് ശതമാനം എന്ന ക്രമത്തിൽ. മണ്ണൂർ-84.65 പൊറോറ-90.39 ഏളന്നൂർ-88.15 കീച്ചേരി-83.40 ആണി ക്കരി-84.07 കല്ലൂർ-77.92 കളറോഡ്-77.38 മുണ്ടയോട്-85.30 പെരുവയൽക്കരി-86.97 ബേരം-90.39 കായലൂർ-81.77 കോളാരി-87.72 പരിയാരം-82.47 അയ്യല്ലൂർ-82.10 ഇടവേലിക്കൽ-83.48 പഴശ്ശി-74.30 ഉരുവ ച്ചാൽ-76.10 കരേറ്റ-85.70 കുഴിക്കൽ-85.81 കയനി-86.80 പെരിഞ്ചേരി-87.64 ദേവർകാട് -80 കാര-78.09 നെല്ലൂന്നി-81.29 ഇല്ലംഭാഗം-84.06 മലക്കുതാഴെ-79.87 എ യർപോർട്ട്-90.81 മട്ടന്നൂർ-71.20 ടൗൺ-81 പാലോട്ടുപള്ളി-72.79 മിനിനഗർ-70.76 ഉത്തി യൂർ-82.09 മരുതായി-84.73 മേറ്റടി-93.44 നാലാങ്കേരി-82.86.

*(എസ്.ഇ.സി. 51/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

6th August 2017

## മട്ടന്നൂർ നഗരസഭ തെരഞ്ഞെടുപ്പ്
## തിരിച്ചറിയൽ കാർഡ് നിർബന്ധം

മട്ടന്നൂർ നഗരസഭയിലേക്ക് നാളെ (ആഗസ്റ്റ് 8)നടക്കുന്ന പൊതു തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും വോട്ടെടുപ്പ് തീയതിക്കും ആറുമാസം മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാം.

അന്ധത മൂലമോ മറ്റു ശാരീരിക അവശതമൂലമോ ഒരു സമ്മതിദായകന് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിലെ ബാലറ്റു യൂണിറ്റിലെ ചിഹ്നം തിരിച്ചറിയുന്നതിനോ വോട്ടു ചെയ്യുന്നതിനുള്ള ബട്ടൺ അമർത്തി വോട്ടു ചെയ്യുന്നതിനോ പരസഹായം കൂടാതെ കഴിയുകയില്ലെന്ന് പ്രീസൈഡിംഗ് ഓഫീസർക്ക് ബോധ്യം വരുന്നപക്ഷം അദ്ദേഹത്തിനു വേണ്ടിയും അദ്ദേഹത്തിന്റെ ആഗ്രഹത്തിനനുസരിച്ചും വോട്ടു രേഖപ്പെടുത്തുന്നതിന് 18 വയസ്സിൽ കുറയാത്ത പ്രായമുള്ള ഒരു സഹായിയെ വോട്ടു ചെയ്യുന്നിടത്തേയ്ക്കു കൊണ്ടുപോകാൻ അനുവദിക്കാം. എന്നാൽ സമ്മതിദായകനു വേണ്ടി, സഹായി ഒരു പ്രഖ്യാപനം നിർദ്ദിഷ്ട ഫോറത്തിൽ പ്രീസൈഡിംഗ് ഓഫീസർക്ക് നൽകിയിരിക്കണം. ശാരീരിക അവശതയുള്ളവർക്ക് ക്യൂവിൽ നിൽക്കാതെ പോളിംഗ് ബൂത്തിലേക്ക് പ്രവേശിക്കാവുന്നതാണ്.

പ്രവാസി ഭാരതീയർക്ക് വോട്ട് ചെയ്യുന്നതിന് അവർ വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്താൻ നൽകിയ പാസ്പോർട്ടിന്റെ ഒറിജിനൽ വേണം തിരിച്ചറിയൽ രേഖയായി കൊണ്ടുവരേണ്ടത്.

*(എസ്.ഇ.സി. 50/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127
www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

5th August 2017

## മട്ടന്നൂർ നഗരസഭ തെരഞ്ഞെടുപ്പ് ക്രമീകരണങ്ങൾ പൂർത്തിയായി

മട്ടന്നൂർ നഗരസഭയിലേക്ക് ചൊവ്വാഴ്ച (ആഗസ്റ്റ് 8)നടക്കുന്ന പൊതു തെരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. മുപ്പത്തി അഞ്ച് വാർഡുകളിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. വോട്ടെടുപ്പ് രാവിലെ 7ന് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. പത്താം തീയതി രാവിലെ 10 മണിക്കാകും വോട്ടെണ്ണൽ ആരംഭിക്കുക.

തെരഞ്ഞെടുപ്പിനു ശേഷമുള്ള നഗരസഭ ചെയർമാൻ സ്ഥാനം സ്ത്രീക്ക് സംവരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ വോട്ടെടുപ്പു നടത്തുന്ന 35 വാർഡുകളിൽ മണ്ണൂർ, കല്ലൂർ, കളറോഡ്, ബേരം, കായല്ലൂർ, പരിയാരം, അയ്യല്ലൂർ, പഴശ്ശി, ഉരുവച്ചാൽ, കരേറ്റ, കുഴിക്കൽ, കയനി, നെല്ലൂന്നി, ഠൗൺ, പാലോട്ടുപള്ളി, മിനിനഗർ, ഉത്തിയൂർ, മരുതായി എന്നീ പതിനെട്ടു വാർഡുകൾ സ്ത്രീകൾക്കും ഏളന്നൂർ വാർഡ് പട്ടികജാതികൾക്കും സംവരണം ചെയ്തിട്ടുണ്ട്.

ശേഷിക്കുന്ന പൊറോറ, കീച്ചേരി, ആണിക്കരി, മുണ്ടയോട്, പെരുവയൽക്കരി, കോളാരി, ഇടവേലിക്കൽ, പെരിഞ്ചേരി, ദേവർകാട്, കാര, ഇല്ലംഭാഗം, മലക്കുതാഴെ, എയർപോർട്ട്, മട്ടന്നൂർ, ടൗൺ, മേറ്റടി, നാലാങ്കേരി എന്നീ പതിനാറു വാർഡുകൾ പൊതുവിഭാഗത്തിനുമാണ്.

തെരഞ്ഞെടുപ്പിനു ശേഷം രൂപീകരിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വികസനകാര്യം, ആരോഗ്യകാര്യം, വിദ്യാഭ്യാസ കലാ കായികകാര്യം എന്നിവയിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ളതായി കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 48/2017)*

## പൊതുതെരഞ്ഞെടുപ്പ് മട്ടന്നൂർ നഗരസഭക്ക് അവധി

മട്ടന്നൂർ നഗരസഭയിലെ എല്ലാ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും വാണിജ്യ വ്യാപാര സ്ഥാപനങ്ങൾക്കും ആഗസ്റ്റ് 8ന് നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്റ്റ് അനുസരിച്ച് അവധി പ്രഖ്യാപിച്ചിട്ടുള്ളതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 49/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

3rd August 2017

## പോളിംഗ് സാധനങ്ങളുടെ വിതരണം ആഗസ്റ്റ് 7 ന്

മട്ടന്നൂർ നഗരസഭ പൊതുതെരഞ്ഞെടുപ്പിന് ആവശ്യമായ പോളിംഗ് സാധനങ്ങൾ ആഗസ്റ്റ് 7ന് വിതരണം ചെയ്യുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. മട്ടന്നൂർ ഹയർസെക്കണ്ടറി സ്കൂളിൽ വച്ചാണ് സാധനങ്ങൾ വിതരണം ചെയ്യുന്നതും 8ന് പോളിംഗ് അവസാനിച്ച ശേഷം അവ തിരികെ വാങ്ങുന്നതും. സാധനങ്ങളുടെ വിതരണത്തിനും തിരികെ വാങ്ങലിനും 7 പോളിംഗ് സ്റ്റേഷനുകൾക്ക് ഒരു കൗണ്ടർ എന്ന നിലയിലാണ് ക്രമീകരിച്ചിട്ടുള്ളത്. പോളിംഗ് ആവശ്യത്തിനുള്ള ഫാറങ്ങൾ, രജിസ്റ്ററുകൾ, സ്റ്റേഷനറി മറ്റ് തെരഞ്ഞെടുപ്പ് സാമഗ്രികൾ എന്നിവ ഓരോ പോളിംഗ് സ്റ്റേഷനും വേണ്ടി പ്രത്യേകം പായ്ക്ക് ചെയ്താണ് വിതരണ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ളത്.

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ കാൻഡിഡേറ്റ് സെറ്റിംഗ് ആഗസ്റ്റ് 5ന് പൂർത്തിയാക്കും. അതിന് ശേഷം അവ വരണാധികാരികളുടെ മേൽനോട്ടത്തിൽ വിതരണ കേന്ദ്രത്തിലെ സ്ട്രോങ്ങ് റൂമുകളിലാകും സൂക്ഷിക്കുക. ആഗസ്റ്റ് 7ന് പോളിംഗ് സാധനങ്ങളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളും കൗണ്ട റുകളിലൂടെ പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുമെന്നും കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 47/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

2nd August 2017

## തെരഞ്ഞെടുപ്പ് ജോലി നിയമനം ഇ – ഡ്രോപ്പിലൂടെ

ആഗസ്റ്റ് 8ന് നടക്കുന്ന നഗരസഭ തെരഞ്ഞെടുപ്പിന്റെ പോളിംഗ് ജോലികൾക്ക് ആവശ്യമായ ജീവനക്കാരെ വെബ് അധിഷ്ടിത സാങ്കേതിക വിദ്യയായ ഇ-ഡ്രോപ്പ് വഴി തിരഞ്ഞെടുത്തതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 35 ബൂത്തുകൾക്ക് ആവശ്യമായ 35 പ്രിസൈഡിംഗ് ഓഫീസർ 35 ഫസ്റ്റ് പോളിംഗ് ഓഫീസർ 70 പോളിംഗ് ഓഫീസർ എന്നിങ്ങനെയാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. തലശ്ശേരി നഗരസഭയിലെയും ഇരിട്ടി,തലശ്ശേരി ബ്ളോക്ക് പഞ്ചായത്തുകളിലെയും സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല ജീവനക്കാരെയാണ് തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിച്ചിട്ടുള്ളത്. മട്ടന്നൂർ നഗരസഭ പരിധിയിൽ വരുന്ന ജീവനക്കാരെ പോളിംഗ് ജോലികളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ പോളിംഗ് ജോലി നോക്കുന്ന ജീവനക്കാർക്ക് തൊട്ടടുത്ത ദിവസം അവധിക്ക് അർഹതയുള്ളതിനാൽ ആഗസ്റ്റ് 8ന് പോളിംഗ് ഡ്യൂട്ടി നോക്കുന്ന ജീവനക്കാർക്ക് 9 ബുധനാഴ്ച അവധിക്ക് അർഹതയുണ്ടായിരിക്കുമെന്നും കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 45/2017)*

## സ്വകാര്യ മേഖലയിലുള്ളവർക്ക് ശമ്പളത്തോടെ അവധി

മട്ടന്നൂർ നഗരസഭയിലെ സ്വകാര്യ വാണിജ്യ വ്യാപാര സ്ഥാപനങ്ങളിലോ മറ്റ് സ്ഥാപനങ്ങളിലോ ജോലിനോക്കുന്നവർക്ക് ആഗസ്റ്റ് 8ന് നടക്കുന്ന നഗരസഭ തെരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തുന്നതിന് വേതനത്തോടു കൂടി അവധി നൽകാൻ നിർദ്ദേശിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. പോളിംഗ് ദിനത്തിൽ അവധി അനുവദിക്കുന്നതുമൂലം അയാൾ ഏർപ്പെട്ടിരിക്കുന്ന തൊഴിലിനെ ബാധിക്കുന്ന പക്ഷം അയാൾക്കും, മറ്റു ജില്ലകളിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ വോട്ടർമാർക്കും വോട്ടു ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും കമ്മീഷൻ ഉത്തരവായിട്ടുണ്ട്.

*(എസ്.ഇ.സി. 46/2017)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 1st August 2017 |

# തെരഞ്ഞെടുപ്പ് കുറ്റവും അഴിമതിയും തടയാൻ കമ്മീഷൻ നിർദ്ദേശം നൽകി

മട്ടന്നൂർ നഗരസഭയിലേയ്ക്ക് ആഗസ്റ്റ് 8ന് നടക്കുന്ന പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പ് കുറ്റവും അഴിമതിയും തടയുന്നതിന് കർശന നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി, കണ്ണൂർ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, ജില്ലാ പോലീസ് മേധാവി എന്നിവർക്ക് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശം നൽകി. കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 145 മുതൽ 155 വരെയും 159, 161, 162 എന്നി വകുപ്പുകൾ പ്രകാരവും ആരെങ്കിലും തെരഞ്ഞെടുപ്പ് കുറ്റങ്ങൾ ചെയ്യുന്നതായി ബോധ്യപ്പെട്ടാൽ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ പോലീസ് അധികാരികളെ അറിയിക്കേണ്ടതും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

പോളിംഗ് ദിവസം നഗരസഭയിലെ 35 ബൂത്തുകളിലും കമ്മീഷൻ ലൈവ് വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തിയിട്ടു ണ്ട്. വോട്ടെടുപ്പ് ആരംഭിക്കുന്നതിന് മുമ്പുള്ള മോക് പോൾ മുതൽ വോട്ടെടുപ്പ് അവസാനിച്ച് ഇ.വി. എം.സീൽ ചെയ്യുന്നതുവരെയുള്ള വിവരങ്ങളാകും വെബ്കാസ്റ്റിംഗിലൂടെ ലഭിക്കുക. പോളിംഗ് ബൂത്തിൽ പ്രവേശിക്കുന്ന ഒരോ വോട്ടറെയും പ്രത്യേക സ്ഥലത്ത് ഉറപ്പിച്ചിട്ടുള്ള ക്യാമറ പകർത്തും. വോട്ടറെ തിരിച്ചറിയു ന്നതിനുള്ള പരിശോ ധന, മഷി പുരട്ടൽ, പോളിംഗ് ഏജന്റുമാരുടെ പ്രവർത്തനം, ബൂത്തിനുള്ളിൽ നടക്കുന്ന മറ്റ് സംഭവങ്ങൾ എന്നിവയാകും ക്യാമറ പകർത്തുക. വോട്ടിംഗിന്റെ രഹസ്യ സ്വഭാവത്തെ ഒരുതരത്തിലും ബാധിക്കാത്ത വിധത്തിലാകും ക്യാമറയിൽ വിവരങ്ങൾ പകർത്തുക.

കൂടാതെ 35 ബൂത്തുകളിലും വീഡിയോ കവറേജ് നടത്താൻ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബൂത്തുകളിലെ വോട്ടർമാരുടെ നിര, സുരക്ഷ ജീവനക്കാരുടെയും മറ്റ് തെരഞ്ഞെ ടുപ്പ് ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ, പരിസരത്തെ മറ്റ് സംഭവങ്ങൾ എന്നിവയാകും വീഡിയോ റെക്കോർഡ് ചെയ്യുന്നത്.

*(എസ്.ഇ.സി. 44/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th July 2017

## മട്ടന്നൂർ നഗരസഭ തെരഞ്ഞെടുപ്പ് നിരീക്ഷകരെ നിയമിച്ചു

ആഗസ്റ്റ് 8ന് മട്ടന്നൂർ നഗരസഭയിലേക്കു നടക്കുന്ന പൊതു തെരഞ്ഞെടുപ്പിന്റെ നിരീക്ഷകനായി ബാലകിരൺ ഐ.എ.എസിനെയും തെരഞ്ഞെടുപ്പു ചെലവുകളുടെ നിരീക്ഷകനായി ധനകാര്യ അഡീഷണൽ സെക്രട്ടറി ജെയിംസ് ജോസഫിനെയും നിയമിച്ചതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. ജൂലൈ 24 മുതൽ ആഗസ്റ്റ് 10 വരെയാണ് നിയമനം. വോട്ടെടുപ്പിനു മുന്നോടിയായി നഗരസഭയിലെ 35 വാർഡുകളിലെയും പൊതുവായ വിവരങ്ങൾ വിലയിരുത്തിക്കൊണ്ട് സമാധാനപരവും സുഗമവുമായി തെരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയാക്കുന്നതിന് പൊതുനിരീക്ഷകൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പു ചെലവ് കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള 30000/- രൂപയിൽ അധികരിക്കുന്നില്ല എന്ന് തെരഞ്ഞെടുപ്പു ചെലവുകളുടെ നിരീക്ഷകനും ഉറപ്പുവരുത്തേണ്ടതാണ്. തെരഞ്ഞെടുപ്പു സംബന്ധിച്ച് ആക്ഷേപങ്ങളും സംശയങ്ങളും ഉള്ളവർ നിരീക്ഷകരായ ബാലകിരൺ ഐ.എ.എസ് (മൊബൈൽ- 9496922022) ജെയിംസ് ജോസഫ് (മൊബൈൽ- 9446904754) എന്നിവരെ ബന്ധപ്പെടാവുന്നതാണ്.

*(എസ്.ഇ.സി. 43/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

19th July 2017

## ഉപതെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് 10 യു.ഡി.എഫ് 7 ബി.ജെ.പി ഒരു വാർഡിലും വിജയിച്ചു.

ചൊവ്വാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന പതിനെട്ട് തദ്ദേശ സ്വയംഭരണ വാർഡുകളിൽ എൽ.ഡി.എഫ് 10 ഉം യു.ഡി.എഫ് 7ഉം ബി.ജെ.പി ഒരു വാർഡുിലും വിജയിച്ചതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

എൽ.ഡി. എഫ് വിജയിച്ച ജില്ല, വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം, എന്ന ക്രമത്തിൽ. പത്തനംതിട്ട- കോട്ടാങ്ങൽ- കോട്ടാങ്ങൽ കിഴക്ക്-എബിൻ ബാബു-102, കോട്ടയം- ഉദയനാപുരം-വാഴമന-രശ്മി-277, കല്ലറ-കല്ലറ പഴയപള്ളി- അർച്ചന രവീന്ദ്രൻ-89, പാമ്പാടി- നൊങ്ങൽ-റൂബി തോമസ്-21, തൃശൂർ-മാള- പതിയാരി-കെ.സി.രഘുനാഥൻ-221, പാലക്കാട്- കൊടുവായൂർ- ചാന്തിരുത്തി-സി.എം പത്മകൃഷ്ണൻ-224, മലപ്പുറം-എടക്കര-പള്ളിപ്പടി-എം.കെ.ചന്ദ്രൻ-6, വയനാട്-നൂൽപ്പുഴ- കല്ലുമുക്ക്- ഷീന-165, കണ്ണൂർ-തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്- ധർമ്മടം- സീമ.പി-2249. മലപ്പുറം തലക്കാട് ഗ്രാമ പഞ്ചായത്തിലെ കാരയിൽ വാർഡിൽ നൂർജഹാൻ-77 വോട്ടിന്റെ ഭൂരിപക്ഷം നേടി യു.ഡി.എഫിൽ നിന്നും സീറ്റ് പിടിച്ചെടുത്തു.

തിരുവനന്തപുരം മാറനല്ലൂർ ഗ്രാമ പഞ്ചായത്തിലെ ഊരുട്ടമ്പലം വാർഡിൽ ശ്രീമിഥുൻ (മനു)-26 വോട്ടിന്റെ ഭൂരിപക്ഷം നേടി എൽ.ഡി.എഫിൽ നിന്നും ബി.ജെ.പി സീറ്റ് പിടിച്ചെടുത്തു.

യു.ഡി.എഫ്. വിജയിച്ച വാർഡുകൾ തിരുവനന്തപുരം- അമ്പൂരി- അമ്പൂരി-പി.എസ്.നൈനാൻ-61, കണ്ണൂർ-പയ്യാവൂർ-ചമതച്ചാൽ-ജയൻ മല്ലിശ്ശേരി-312,മൂർക്കനാട്-കൊളത്തൂർ പലകപ്പറമ്പ്-കെ.പി.ഹംസ മാസ്റ്റർ-138, ആലപ്പുഴ- ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്- തൃക്കുന്നപ്പുഴ-ശ്രീകല-147, മലപ്പുറം- കോട്ടയ്ക്കൽ നഗരസഭ- ചീനംപുത്തൂർ-എം.ഗിരിജ-147, കോഴിക്കോട് -ഫറോക്ക് നഗരസഭ- കോട്ടപ്പാടം-ഇ.കെ.താഹിറ-156. കാസർഗോഡ് നഗരസഭയിലെ കടപ്പുറം സൗത്ത് വാർഡിൽ റഹന.എസ് 84 വോട്ടിന്റെ ഭൂരിപക്ഷം നേടി ബി.ജെ.പിയിൽ നിന്നും സീറ്റ് പിടിച്ചെടുത്തു.

*(എസ്.ഇ.സി. 42/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

18th July 2017

## ഉപതെരഞ്ഞെടുപ്പിൽ 76.71 ശതമാനം പോളിംഗ്

ചൊവ്വാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന പതിനെട്ട് തദ്ദേശ സ്വയംഭരണ വാർഡുകളിൽ 76.71 ശതമാനം പേർ വോട്ടു രേഖപ്പെടുത്തിയതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. ഇന്ന് (ജൂലൈ19) രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

തെരഞ്ഞെടുപ്പു നടന്ന ജില്ല, ഗ്രാമ പഞ്ചായത്ത്, വാർഡ്, വോട്ടിംഗ് ശതമാനം എന്ന ക്രമത്തിൽ. തിരുവനന്തപുരം- മാറനല്ലൂർ- ഊരുട്ടമ്പലം-79.85, അമ്പൂരി- അമ്പൂരി-68.03, പത്തനംതിട്ട- കോട്ടാങ്ങൽ- കോട്ടാങ്ങൽ കിഴക്ക്-73.88, കോട്ടയം- ഉദയനാപുരം-വാഴമന-87.69, കല്ലറ- കല്ലറ പഴയപള്ളി-77.50, പാമ്പാടി- നൊങ്ങൽ-76.56, തൃശൂർ-മാള- പതിയാരി-73.23, പാലക്കാട്- കൊടുവായൂർ- ചാന്തിരുത്തി-81.42, മലപ്പുറം-എടക്കര-പള്ളിപ്പടി-85.16, മൂർക്കനാട്-കൊളത്തൂർ പലകപ്പറമ്പ്-77.75, തലക്കാട് - കാരയിൽ-75.12, വയനാട്-നൂൽപ്പുഴ- കല്ലുമുക്ക്-80.44, കണ്ണൂർ-പയ്യാവൂർ-ചമതച്ചാൽ-58.40. .

ആലപ്പുഴ- ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്-തൃക്കുന്നപ്പുഴ-78.50, കണ്ണൂർ-തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്- ധർമ്മടം-65.80, മലപ്പുറം- കോട്ടയ്ക്കൽ നഗരസഭ- ചീനംപുത്തൂർ-83.95, കോഴിക്കോട് -ഫറോക്ക് നഗരസഭ- കോട്ടപ്പാടം-79.18, കാസർഗോഡ് നഗരസഭ -കടപ്പുറം സൗത്ത്-77.53.

*(എസ്.ഇ.സി. 41/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

18th July 2017

## എട്ട് ജില്ലകളിലെ 12 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു.

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി എട്ട് ജില്ലകളിലെ 12 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി. കൊല്ലം ആലപ്പുഴ കോട്ടയം മലപ്പുറം കോഴിക്കോട് കണ്ണൂർ ജില്ലകളിലെ 9 ഗ്രാമപഞ്ചായത്ത് വാർഡുകളിലും മലപ്പുറം വയനാട് ജില്ലകളിലെ 2 നഗരസഭ വാർഡുകളിലും ആലപ്പുഴയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.

അപേക്ഷകളും ആക്ഷേപങ്ങളും ഇന്നു മുതൽ (ജൂലൈ19) ആഗസ്റ്റ് 2 വരെ ഓൺ ലൈനായി സമർപ്പിക്കാം. അവകാശവാദങ്ങളിന്മേൽ 11ന് തീർപ്പ് കൽപ്പിക്കുകയും 14ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2017 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട പഞ്ചായത്ത് നഗരസഭ താലൂക്ക് ഓഫീസുകളിലും പഞ്ചായത്തുകളുടേത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിലെ പട്ടിക www.lsgelection.kerala.gov.in ൽ ലഭിക്കും.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത് , വാർഡ് എന്ന ക്രമത്തിൽ. കൊല്ലം- ആദിച്ചനല്ലൂർ- തഴുത്തല തെക്ക്, തേവലക്കര- കോയിവിള പടിഞ്ഞാറ്, ആലപ്പുഴ- ചേർത്തല തെക്ക്- കളരിക്കൽ, കണ്ടല്ലൂർ- കൊപ്പാറേത്ത് എച്ച്.എസ്, കോട്ടയം-പാമ്പാടി- കാരിയ്ക്കാമറ്റം, കാഞ്ഞിരപ്പള്ളി- മാനിടുംകുഴി, മലപ്പുറം- പെരുവള്ളൂർ- കൊല്ലംചിന, കോഴിക്കോട്- തിക്കോടി-പുറക്കാട്, കണ്ണൂർ- രാമന്തളി- രാമന്തളി സെൻട്രൽ.

ആലപ്പുഴ- ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വെണ്മണി വെസ്റ്റ്- വെണ്മണി ഗ്രാമപഞ്ചായത്തിലെ 1,2,10,13,14.15 വാർഡുകളിലെയും ആല ഗ്രാമ പഞ്ചായത്തിലെ 8,9,10 വാർഡുകളിലെയും വോട്ടർപട്ടിക, മലപ്പുറം- തിരൂർ നഗരസഭ-തുമരക്കാവ് വാർഡ്, വയനാട്- കൽപ്പറ്റ നഗരസഭ- മുണ്ടേരി വാർഡ് എന്നിവ.

*(എസ്.ഇ.സി. 40/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

17th July 2017

## 18 തദ്ദേശ വാർഡുകളിൽ ഇന്ന് ഉപതെരഞ്ഞെടുപ്പ്

പതിനൊന്ന് ജില്ലകളിലെ 18 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഇന്ന് (ജൂലൈ 18) നടക്കുന്ന ഉപതിരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. തിരുവനന്തപുരം പത്തനംതിട്ട കോട്ടയം തൃശൂർ പാലക്കാട് മലപ്പുറം വയനാട് കണ്ണൂർ ജില്ലകളിലെ 13 ഗ്രാമപഞ്ചായത്ത് വാർഡുകളിലും മലപ്പുറം കോഴിക്കോട് കാസർഗോഡ് ജില്ലകളിലെ 3 നഗരസഭ വാർഡുകളിലും ആലപ്പുഴ, കണ്ണൂർ ജില്ലകളിലെ ഒരോ ബ്ലോക്ക് പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. വോട്ടെടുപ്പ് രാവിലെ 7ന് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. 19ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. തെരഞ്ഞെടുപ്പ് ജോലി നോക്കുന്ന ജീവനക്കാർക്ക് പോളിംഗിന്റെ തൊട്ടടുത്ത ദിവസം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അവധി അനുവദിച്ചിട്ടുണ്ട്.

വോട്ട് ചെയ്യുന്നതിന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തെരഞ്ഞെടുപ്പിനും ആറുമാസത്തിന് മുമ്പു നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാം.

തെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- മാറനല്ലൂർ- ഊരുട്ടമ്പലം, അമ്പൂരി- അമ്പൂരി, പത്തനംതിട്ട- കോട്ടാങ്ങൽ- കോട്ടാങ്ങൽ കിഴക്ക്, കോട്ടയം- ഉദയനാപുരം-വാഴമന, കല്ലറ- കല്ലറ പഴയപള്ളി, പാമ്പാടി- നൊങ്ങൽ, തൃശൂർ-മാള- പതിയാരി, പാലക്കാട്- കൊടുവായൂർ- ചാന്തിരുത്തി, മലപ്പുറം-എടക്കര-പള്ളിപ്പടി, മൂർക്കനാട്-കൊളത്തൂർ പലകപ്പറമ്പ്, തലക്കാട് - കാരയിൽ, വയനാട്-നൂൽപ്പുഴ- കല്ലുമുക്ക്, കണ്ണൂർ-പയ്യാവൂർ-ചമതച്ചാൽ.

ആലപ്പുഴ- ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്- തൃക്കുന്നപ്പുഴ, കണ്ണൂർ-തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്- ധർമ്മടം, മലപ്പുറം- കോട്ടയ്ക്കൽ നഗരസഭ- ചീനംപുത്തൂർ, കോഴിക്കോട് -ഫറോക്ക് നഗരസഭ- കോട്ടപ്പാടം, കാസർഗോഡ് നഗരസഭ - കടപ്പുറം സൗത്ത്.

*(എസ്.ഇ.സി. 39/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

15th July 2017

## പോളിംഗ് ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി ലീവ് അനുവദിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് പോളിംഗ് ദിവസത്തിന്റെ തൊട്ടടുത്ത ദിവസം കൂടി ഡ്യൂട്ടി ലീവ് അനുവദിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. ഇതുസംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ എല്ലാ ഓഫീസ് മേധാവികൾക്കും കമ്മീഷൻ നിർദ്ദേശം നൽകി.

പൊതുതെരഞ്ഞെടുപ്പിനോ ഉപതെരഞ്ഞെടുപ്പിനോ പോളിംഗ് ഡ്യൂട്ടി നിര്വ്വഹിക്കുന്ന ജീവനക്കാരുടെ ജോലി സമയം തിരഞ്ഞെടുപ്പിന്റെ തലേ ദിവസം രാവിലെ മുതൽ പോളിംഗ് ദിവസം പോളിംഗ് സാധനങ്ങൾ ഏൽപ്പിക്കുന്നതുവരെയാണ്. ഇത് പോളിംഗ് ദിവസം രാത്രി ഏറെ വൈകുകയും പിറ്റെ ദിവസം രാവിലെ വരെയോ നീണ്ടു പോകുകയും ചെയ്യുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽപെട്ടിരുന്നു. പോളിംഗ് ഉദ്യോഗസ്ഥർ പോളിംഗിന്റെ തലേ ദിവസം പോളിംഗ് സ്റ്റേഷനുകളിൽ താമസിക്കേണ്ടി വരുന്നതിനാൽ പോളിംഗ് ഡ്യൂട്ടി തുടർച്ചയായി 48 മണിക്കൂറോ അതിലധികമോ വരുന്നുണ്ട്. അതിനാലാണ് പോളിംഗിന്റെ തൊട്ടടുത്ത ദിവസം പോളിംഗ് ജീവനക്കാർക്ക് അവധി അനുവദിക്കാൻ കമ്മീഷൻ തീരുമാനിച്ചത്.

*(എസ്.ഇ.സി. 38/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

14th July 2017

## മട്ടന്നൂർ നഗരസഭ തെരഞ്ഞെടുപ്പു വിജ്ഞാപനമായി

മട്ടന്നൂർ നഗരസഭയിലേക്ക് ആഗസ്റ്റ് 8ന് പൊതു തെരഞ്ഞെടുപ്പു നടത്താൻ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. 35 നഗരസഭ വാർഡുകളിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. മാതൃകാ പെരുമാറ്റച്ചട്ടം ജൂലൈ 10ന് നിലവിൽ വന്നു. ഇന്നു (ജൂലൈ 14) മുതൽ നാമനിർദ്ദേശം സമർപ്പിക്കാം. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ജൂലൈ 21. പത്രികകളുടെ സൂക്ഷ്മ പരിശോധന ജൂലൈ 22നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ജൂലൈ 24ലുമാണ്. വോട്ടെടുപ്പ് ആഗസ്റ്റ് 8ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. പത്താം തീയതി രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

വോട്ടെടുപ്പു നടത്തുന്ന നഗരസഭ വാർഡുകൾ- മണ്ണൂർ, പൊറോറ, ഏളന്നൂർ, കീച്ചേരി, ആണിക്കരി, കല്ലൂർ, കളറോഡ്, മുണ്ടയോട്, പെരുവയൽക്കരി, ബേരം, കായലൂർ, കോളാരി, പരിയാരം, അയ്യല്ലൂർ, ഇടവേലിക്കൽ, പഴശ്ശി, ഉരുവച്ചാൽ, കരേറ്റ, കുഴിക്കൽ, കയനി, പെരിഞ്ചേരി, ദേവർകാട്, കാര, നെല്ലൂന്നി, ഇല്ലംഭാഗം, മലക്കുതാഴെ, എയർപോർട്ട്, മട്ടന്നൂർ, ടൗൺ, പാലോട്ടുപള്ളി, മിനിനഗർ, ഉത്തിയൂർ, മരുതായി, മേറ്റടി, നാലാങ്കേരി എന്നിവയാണ്.

*(എസ്.ഇ.സി. 37/2017)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 10th July 2017 |

# മട്ടന്നൂർ നഗരസഭ തെരഞ്ഞെടുപ്പ് ആഗസ്റ്റ് 8ന്

കണ്ണൂർ: മട്ടന്നൂർ നഗരസഭയിലേക്ക് ആഗസ്റ്റ് 8ന് പൊതു തെരഞ്ഞെടുപ്പു നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. 35 നഗരസഭ വാർഡുകളിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

മാതൃകാപെരുമാറ്റച്ചട്ടം ഇന്ന് (ജൂലൈ 10ന്) നിലവിൽ വന്നു. 14മുതൽ നാമനിർദ്ദേശം സമർപ്പിക്കാം. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി 21. പത്രികകളുടെ സൂക്ഷ്മ പരിശോധന 22നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ജൂലൈ 24ലുമാണ്. വോട്ടെടുപ്പ് ആഗസ്റ്റ് 8ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. പത്താം തീയതി രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.
നിലവിലെ വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനും ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും ഈമാസം 12 വരെ അവസരമുണ്ട്.

വോട്ടെടുപ്പു നടത്തുന്ന നഗരസഭ വാർഡുകൾ- മണ്ണൂർ, പൊറോറ, ഏളന്നൂർ, കീച്ചേരി, ആണിക്കരി, കല്ലൂർ, കളറോഡ്, മുണ്ടയോട്, പെരുവയൽക്കരി, ബേരം, കായലൂർ, കോളാരി, പരിയാരം, അയ്യല്ലൂർ, ഇടവേലിക്കൽ, പഴശ്ശി, ഇരുവച്ചാൽ, കരേറ്റ, കുഴിക്കൽ, കയനി, പെരിഞ്ചേരി, ദേവർകാട്, കാര, നെല്ലൂന്നി, ഇല്ലംഭാഗം, മലക്കുതാഴെ, എയർപോർട്ട്, മട്ടന്നൂർ, ടൗൺ, പാലോട്ടുപള്ളി, മിനിനഗർ, ഉത്തിയൂർ, മരുതായി, മേറ്റടി, നാലാങ്കേരി എന്നിവയാണ്.

*(എസ്.ഇ.സി. 36/2017)*

| | | |
|---|---|---|
| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 6th July 2017 |

# ഇരിട്ടി നഗരസഭ അംഗത്തെ അയോഗ്യനാക്കി

കണ്ണൂർ: ഇരിട്ടി നഗരസഭയിലെ 20-ാം വാർഡിൽ നിന്നും ഐ.യു.എം.എൽ സ്ഥാനാർത്ഥി യായി മത്സരിച്ച് വിജയിച്ച എം.പി.അബ്ദുൾ റഹിമാനെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യനാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം 2017 ജൂലൈ 5 മുതൽ ആറു വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിൽ നിന്നുമാണ് വിലക്ക്.

രണ്ടായിരത്തി പതിനഞ്ചിലെ ഇരിട്ടി നഗരസഭ തെരഞ്ഞടുപ്പിൽ യു.ഡി.എഫിൽനിന്ന് മത്സരിച്ച് വിജയിക്കുകയും നവംബർ 18ന് നടന്ന നഗരസഭ ചെയർമാൻ, വൈസ് ചെയർമാൻ തെരഞ്ഞെ ടുപ്പുകളിൽ ഐ.യു.എം.എൽ ജില്ല കമ്മിറ്റി പുറപ്പെടുവിച്ച വിപ്പ് ലംഘിച്ച് മറ്റ് രണ്ട് അംഗ ങ്ങൾക്കൊപ്പം ചേർന്ന് വോട്ടെടുപ്പിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തു. ഇതിലൂടെ യു.ഡി. എഫിന്റെ സ്ഥാനാർത്ഥികൾ പരാജയപ്പെട്ടു. തുടർന്ന് എം.പി.അബ്ദുൾ റഹിമാൻ ഐ.യു.എം. എൽ അംഗത്വം ഉപേക്ഷിക്കുകയും എൽ.ഡി.എഫിൻ ചേർന്നു പ്രവർത്തിക്കുകയും ചെയ്തു. ഈ നടപടികൾക്കെതിരേ സി.മുഹമ്മദാലി സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ വിലക്ക്. 33 വാർഡുകളുള്ള ഇരിട്ടി നഗരസഭയിൽ യു.ഡി.എഫിന് 15 എൽ.ഡി.എഫ് 13 ബി. ജെ.പി 5 എന്നിങ്ങനെയായിരുന്നു സീറ്റുകൾ.

*(എസ്.ഇ.സി. 35/2017)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

23rd June 2017

## 18 തദ്ദേശ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പു വിജ്ഞാപനമായി

